LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിന് നൽകുവാനുള്ള പാട്ടക്കുടിശ്ശിക

117 [1056] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കുടിശ്ശിക ഇനത്തിൽ സംസ്ഥാനത്ത് സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റുകൾ സർക്കാരിന് തുക അടയ്ക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ ആകെ എന്തു തുക കുടിശ്ശിക അടയ്ക്കാനുണ്ട് എന്നും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടത് ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏതെങ്കിലും പാട്ടഭൂമി ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പതിച്ചു കൊടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

238/1 സർവ്വേ നമ്പർ ഭൂമിയുടെ ഉടമസ്ഥാവകാശം

118 [1057] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാഞ്ഞിരംകാട് വില്ലേജിൽപ്പെടുന്ന 238/1 സർവ്വേ നമ്പർ ഭൂമിയുടെ ആകെ അളവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർവ്വേ നമ്പർ ഭൂമിയുടെ ജന്മി ആരാണെന്നും ഈ ഭൂമി തീർത്തും പാരമ്പര്യമായിട്ട് കിട്ടിയതാണോ എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമിയിൽ ജന്മി എത്ര ഏക്കർ വിൽപ്പന നടത്തിയിട്ടുണ്ടെന്നും നിലവിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമി വിൽപ്പന കഴിച്ച് ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഭൂമിയിൽ എത്ര ഏക്കർ നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 393.23 ഏക്കർ.

(ബി) ഈ ഭൂമിയുടെ ജന്മി മെസ്സേഴ്സ് കുട്ടനാട് കാർഡമം ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. കളപ്പുരയ്ക്കൽ നൈനാൻ (മരണപ്പെട്ടു). ചേച്ചമ്മ തോമസ്, ജോസ് ജോർജ്, മാത്യു, ചാണ്ടി സ്കറിയ, ടോം കെ. തോമസ്, ജോൺ ത്രേസ്യാമ്മ, ഏലി എന്നിവരാണ്. പാരമ്പര്യമായി ലഭിച്ചതല്ല. ജന്മാധാരപ്രകാരം കിട്ടിയതാണ് ഈ ഭൂമി.